LIBRARY ARCHIVES Kerala Legislative Assembly

റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികൾ

294(2650) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ റിവർ മാനേജ്മെന്റ് ഫണ്ടിൽ നിലവിൽ നീക്കിയിരിപ്പുള്ള തുകയെത്രയാണ്?

1,23,62,995 രൂപ (ഒരു കോടി ഇരുപത്തി മൂന്ന് ലക്ഷത്തി അറുപത്തി രണ്ടായിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റി അഞ്ച് രൂപ മാത്രം)

(ബി) മലപ്പുറം ജില്ലയിൽ റിവർ മാനേജ്മെന്റ് ഫണ്ടുപയോഗിച്ച് ഏറനാട് മണ്ഡലത്തിന്റെ വികസനത്തിനായി 2016-21 കാലയളവിൽ സമർപ്പിച്ച പ്രൊപ്പോസലുകൾ ഏതെല്ലാമാണെന്നും അവയുടെ നിലവിലെ സ്ഥിതിയും അറിയിക്കുമോ?

പ്രൊപ്പോസലുകളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.*

(സി) ജില്ലയിലെ റിവർ മാനേജ്മെന്റ് ഫണ്ടുപയോഗിച്ചുള്ള പ്രൊപ്പോസലുകളിൽ ഇനിയും ഭരണാനുമതി ലഭിക്കാത്ത പ്രവൃത്തികൾ ഏതെല്ലാമെന്നും അവയ്ക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്നും വിശദമാക്കുമോ?

വിവരം അനുബന്ധമായി ചേർക്കുന്നു.*

(ഡി) പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമാക്കി അടിയന്തരമായി പണി പൂർത്തീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഇക്കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

കോട്ടക്കൽ പുഴ സംരക്ഷണം

295(2651) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019, 2020 വർഷങ്ങളിൽ കോട്ടക്കൽ നിയോജകമണ്ഡലത്തിൽനിന്നും പുഴയുടെ സംരക്ഷണഭിത്തി സംരക്ഷിക്കുന്നതുമായി ബന്ധപ്പെട്ട് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്?

എഴ് അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) റിവർ മാനേജ്മെന്റ് ഫണ്ടിൽനിന്നും 2019, 2020, 2021 വർഷങ്ങളിൽ പുഴ സംരക്ഷണഭിത്തിയുമായി ബന്ധപ്പെട്ട് അനുവദിച്ച പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

1. 1-3-2019-ലെ സ.ഉ(സാധാ) നമ്പർ 731/2019 പ്രകാരം അനുവദിച്ച പ്രവൃത്തികൾ:-

   (i) മമ്പാട് ഗ്രാമപഞ്ചായത്തിലെ വള്ളിക്കെട്ട് കുടിവെള്ള പദ്ധതിക്ക് സമീപം കുതിരപ്പുഴയുടെ ഇടതുകര സംരക്ഷണം (45.70 ലക്ഷംരൂപ)

   (ii) കോഡൂർ ഗ്രാമപഞ്ചായത്തിലെ നൂറാടി പാലത്തിനുതാഴെ ചോളശ്ശേരി കടവിൽ കടലുണ്ടിപ്പുഴയിൽ സംരക്ഷണഭിത്തി നിർമ്മാണം (55.00 ലക്ഷം രൂപ)

2. 2-10-2019-ലെ സ.ഉ(സാധാ) നമ്പർ 2754/2019 പ്രകാരം അനുവദിച്ച പ്രവൃത്തികൾ

   (i) മലപ്പുറം മുനിസിപ്പാലിയിലെ വാർഡ് 13, 14 ശാന്തി നഗറിൽ കടലുണ്ടിപ്പുഴയുടെ വലതുകര സംരക്ഷണം (51.59 ലക്ഷം രൂപ).

   (ii) മലപ്പുറം മുനിസിപ്പാലിയിലെ 13-ാം വാർഡിലെ കാളമ്പാടിയിൽ കടലുണ്ടിപ്പുഴയുടെ വലതുകര സംരക്ഷണം (46.40 ലക്ഷംരൂപ).

   (iii) പറപ്പൂർ പഞ്ചായത്തിലെ 1-ാം വാർഡിൽ ഇല്ലിപ്പുലാക്കലിൽ കടലുണ്ടിപ്പുഴയുടെ വലതുകര സംരക്ഷണം (23.51 ലക്ഷം രൂപ)

   (iv) എ.ആർ. നഗർ പഞ്ചായത്തിൽ 19-ാം വാർഡിലെ മൂഴിക്കലിൽ (293-സി) വീടിനോട് ചേർന്ന് കടലുണ്ടിപ്പുഴയുടെ വലതുകര സംരക്ഷണം (40.00 ലക്ഷം രൂപ)

   (v) എ.ആർ. നഗർ പഞ്ചായത്തിൽ 19-ാം വാർഡിലെ മനൂറം പുതിയ പാലത്തിനുമേൽഭാഗത്ത് കടലുണ്ടിപ്പുഴയുടെ വലതുകര സംരക്ഷണം (17.00 ലക്ഷം രൂപ)

   (vi) എ.ആർ. നഗർ ഗ്രാമപഞ്ചായത്തിൽ മൂഴിക്കൽ കോളനിയിൽ പി. എം. ജാഫർ എന്നവരുടെ വീടിനോടുചേർന്ന് (റീ-സർവ്വേ നമ്പർ 226/14) കടലുണ്ടിപ്പുഴയുടെ ഇടതുകര സംരക്ഷണം (31.00 ലക്ഷം രൂപ)

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(vii) പരപ്പനങ്ങാടി മുനിസിപ്പാലിറ്റി നെടുവ വില്ലേജ് ഉള്ളണം ലാക്കൽ പ്രദേശത്ത് കടലുണ്ടിപ്പുഴയുടെ ഇടതുകര സംരക്ഷണം (60.00 ലക്ഷം രൂപ)

(viii) വാഴക്കാട് ഗ്രാമപഞ്ചായത്തിലെ വാർഡ് 5, റീ-സർവ്വേ നമ്പർ 23/1 വാഴക്കാട് ആമക്കോടിൽ ചാലിയാർ പുഴയുടെ ഇടതുകര സംരക്ഷണം (52.00 ലക്ഷംരൂപ)

(ix) വഴിക്കടവ് ഗ്രാമപഞ്ചായത്തിലെ ശ്രീമതി പത്മജ w/o. സത്യൻ എന്ന വ്യക്തിയുടെ സ്ഥലത്ത് കലക്കൻ പുഴയുടെ ഇടതുകരയിലും വലതുകരയിലും സംരക്ഷണഭിത്തി നിർമ്മാണം (18.50 ലക്ഷം രൂപ)

(x) പുത്തൂർ ഗ്രാമപഞ്ചായത്തിലെ കുറ്റിക്കാട്ട് കടവിന്റെ താഴത്ത് ഭാരതപ്പുഴയുടെ വലതുകര സംരക്ഷണം രണ്ടാം ഘട്ടം (51.00 ലക്ഷം രൂപ)

(xi) കുറ്റിപ്പുറം പഞ്ചായത്തിൽ മണ്ണാത്തിപ്പാറയ്ക്ക് സമീപം ചെങ്ങണക്കടവിന് മേൽഭാഗത്ത് ഭാരതപ്പുഴയുടെ വലതുകര സംരക്ഷണം രണ്ടാംഘട്ടം (25.00 ലക്ഷം രൂപ)

(സി) 2020-ൽ സംസ്ഥാനതല സമിതിയിലേയ്ക്ക് കളക്ടർ ശിപാർശ ചെയ്ത പ്രവൃത്തികൾ ഏതെല്ലാമെന്ന് അറിയിക്കുമോ?

ഒന്നും ശിപാർശ ചെയ്തിട്ടില്ലാത്തതാണ്.

(ഡി) 2020, 2021 വർഷങ്ങളിൽ സർക്കാർ അനുവദിച്ച പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ?

ഒന്നും അനുവദിച്ചിട്ടില്ലാത്തതാണ്.

നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം

296(2652) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യു-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം തയ്യാറാക്കുന്ന ഡാറ്റാ ബാങ്കിൽനിന്നും കൃഷിഭൂമിയെ ഒഴിവാക്കുന്നതിനുള്ള അധികാരം ആർക്കാണ് നൽകിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?